052590

GOVERNMENT OF KERALA

24 NOV 2011

സംഗ്രഹം

റവന്യൂവകുപ്പ് - ഭൂമിയുടെ പോക്കുവരവ് - പോക്കുവരവ് ഫീസ് പുനർ നിർണ്ണയം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഇ) വകുപ്പ്

സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം 436/11/റവന്യൂ തിരുവനന്തപുരം, 22/11/2011

പരാമർശം :- 1. 14.09.1966 ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 490/66/റവന്യൂ

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 15.06.10ലെ എൽ.ആർ.ബി3 - 53438/09 നമ്പർ കത്ത്

3. ധനകാര്യ (നോൺ ടാക്സ് റവന്യൂ) വകുപ്പിന്റെ 24.07.10ലെ 83197/എൻ.ടി.ആർ.സി2/09/ധന നമ്പർ കുറിപ്പ്

ഉത്തരവ്

സംസ്ഥാനത്ത് നടക്കുന്ന ഭൂമിയുടെ കൈമാറ്റങ്ങൾക്കനുസൃതമായി റവന്യൂ സർവ്വെ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനായി രൂപം കൊടുത്തിട്ടുള്ളതാണ് പരാമർശം 1 പ്രകാരമുള്ള പോക്കുവരവ് ചട്ടങ്ങൾ. നിലവിൽ ഒരു കേസിന് 10 രൂപ നിരക്കിലാണ് പോക്കുവരവ് ഫീസ് ഈടാക്കി വരുന്നത്. വളരെ തുച്ഛമായ ഈ നിരക്ക് നിലവിൽ വന്നിട്ട് ഒരു ദശാബ്ദം കഴിഞ്ഞ സാഹചര്യത്തിൽ വസ്തുവിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് ഫീസ് പുതുക്കി നിശ്ചയിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറും ധനകാര്യവകുപ്പും ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെ പറയുന്ന തരത്തിൽ പോക്കുവരവ് ഫീസ് നിരക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്യുന്നു :

| Area | | Fees |
|---|---|---|
| 5 ആർ വരെ | - | 25/- |
| 5 ആറിന് മുകളിൽ 20 ആർ വരെ | - | 50/- |
| 20ആറിന് മുകളിൽ 40 ആർ വരെ | - | 100/- |
| 40 ആറിന് മുകളിൽ 2 ഹെക്ടർ വരെ | - | 200/- |
| 2 ഹെക്ടറിന് മുകളിൽ | - | 500/- |

ഈ ഉത്തരവിന് 01.11.2011 മുതൽ പ്രാബല്യമുണ്ടായിരിക്കും. ബന്ധപ്പെട്ട ചട്ടങ്ങളിൽ ഇതിനുവേണ്ട ഭേദഗതികൾ വരുത്തുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം സമർപ്പിക്കുന്നതാണ്.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

എസ്.കെ.രാജലക്ഷ്മി
അഡീഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാസെക്രട്ടറിയറ്റ്
എല്ലാ ജില്ലാ കളക്ടർമാർക്കും
ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ
എല്ലാ ആർ.ഡി.ഒ മാർക്കും
എല്ലാ തഹസിൽദാർമാർക്കും } (ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖാന്തിരം)
എല്ലാ വില്ലേജ് ഓഫീസർമാർക്കും
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A & E), കേരള തിരുവനന്തപുരം
ധനകാര്യവകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ